**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 359** **08-06-2021 - ൽ മറുപടിയ്ക്ക്**

**വടകര സബ് ട്രഷറി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ.കെ.രമ | | Shri K N Balagopal<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | വടകര നിയോജക മണ്ഡലത്തിലെ ഏക ട്രഷറിയായ വടകര സബ് ട്രഷറി, പഴയ കെട്ടിടത്തിൽ നിന്നും പുതിയ കെട്ടിടത്തിന്റെ രണ്ടാം നിലയിലേക്ക് മാറ്റി സ്ഥാപിക്കപ്പെട്ടതിനാൽ ട്രഷറി ഇടപാടുകൾക്കായി എത്തുന്ന വയോധികർക്കും ഭിന്നശേഷിക്കാർക്കും സ്ത്രീകൾക്കും കടുത്ത ബുദ്ധിമുട്ട് ഉണ്ടാകുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | വടകര സബ് ട്രഷറി ഏതെങ്കിലും കെട്ടിടത്തിന്റെ താഴത്തെ നിലയിലേക്ക് മാറ്റുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ? | (ബി) | ജീർണ്ണാവസ്ഥയിൽ പ്രവർത്തിച്ച് വന്നിരുന്ന കെട്ടിടത്തിൽ നിന്നും അടിയന്തിര സാഹചര്യം പരിഗണിച്ചാണ് വടകര സബ് ട്രഷറിയുടെ പ്രവർത്തനം നിലവിലെ കെട്ടിടത്തിലേക്ക് മാറ്റിയിട്ടുള്ളത്. പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് ലഭ്യമായിട്ടുള്ള സ്ഥലത്ത് കെട്ടിട നിർമ്മാണം പൂർത്തിയാകുന്ന മുറക്ക് ട്രഷറി പ്രവർത്തനം പുതിയ കെട്ടിടത്തിലേക്ക് മാറ്റുന്നതാണ്. |

സെക്ഷൻ ഓഫീസർ